

# കേരളത്തിലെ സാമൂഹിക ക്ഷേമപദ്ധതികൾ

2

**മീഡിയാശ്രീ:** കുടുംബശ്രീ അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാധ്യമ സംരംഭം. തിരഞ്ഞെടുത്ത അംഗങ്ങൾക്ക് ഇതിനായി പരിശീലനം നൽകി റിപ്പോർട്ടർമാരായി നിയോഗിച്ചുകൊണ്ട് വാർത്താ ക്രോഡീകരണം നടത്തുക എന്നതാണ് ലക്ഷ്യം.

**മെഡിസെപ് :** മെഡിക്കൽ ഇൻഷുറൻസ് ടു സ്റ്റേറ്റ് ഗവൺമെന്റ് എംപ്ലോയീസ് ആൻഡ് പെൻഷനേഴ്സ് എന്നാണ് പൂർണ്ണരൂപം.

**മൃതസഞ്ജീവനി :** മസ്തിഷ്കമരണം സംഭവിച്ചവരുടെ അവയവങ്ങൾ ദാനം ചെയ്യാനുള്ള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പദ്ധതി.

**മംഗല്യ :** വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ എന്നിവർക്കുള്ള പുനർ വിവാഹ ധനസഹായ പദ്ധതി.

**മിഠായി :** പതിനെട്ട് വയസ്സിനു താഴെയുള്ള പ്രമേഹരോഗികളായ കുട്ടികൾക്കുള്ള സൗജന്യ ചികിത്സാ പദ്ധതി.

**രക്ഷ :** പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി പോലീസ് തയ്യാറാക്കിയ മൊബൈൽ ആപ്. ഇതിൽ എല്ലാ പോലീസ് സ്റ്റേഷനിലും ഓഫീസർമാരുടെ ഫോൺ, ഹെൽപ് ലൈൻ നമ്പറുകൾ, സ്ത്രീ സുരക്ഷാ നിർദ്ദേശങ്ങൾ തുടങ്ങിയവ ഉണ്ടാകും.

**ലക്ഷം വീട് പദ്ധതി:** കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ മേൽനോട്ടത്തിൽ അർഹരായവർക്കു വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി.

**ലഹരിമുക്ത കേരളം :** സംസ്ഥാന എക്സൈസ് വകുപ്പ്, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ നടപ്പാക്കുന്ന ലഹരിവസ്തുക്കൾക്കെതിരെയുള്ള ബോധവൽക്കരണ പരിപാടി.

**ലാഭപ്രഭ :** കെഎസ്ഇബി ആവിഷ്കരിച്ചു നടപ്പിലാക്കിയ ഊർജ്ജ സംരക്ഷണ പരിപാടി. ഒരു ഫീഡറിനുകീഴിലെ വൈദ്യുത ഉപഭോഗം 10% കുറച്ചാൽ ആ പ്രദേശത്തെ ലോഡ് ഷെഡ്ഡിങ്ങിൽനിന്ന് ഒഴിവാക്കുക എന്ന പദ്ധതി.

**ലിപ് :** ജീവിതശൈലീ രോഗങ്ങളുടെ വ്യാപനം തടയുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് ബോധവത്ക്കരണം നൽകുന്നതിലേക്കായി വിവിധ വകുപ്പുകൾ സംയുക്തമായി ആരംഭിച്ച പദ്ധതി.

**ലിംഗാവബോധ പരിപാടി:** സ്ത്രീധനം, ലൈംഗിക പീഡനം, ഗാർഹികപീഡനം തുടങ്ങി സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനു നിയമോപദേശവും ബോധവൽക്കരണവും നടത്തുകയാണ് ലക്ഷ്യം.

**ലൈഫ് :** കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി. ഭൂരഹിതർക്കും ഭവനരഹിതരായവർക്കും അഞ്ചുവർഷം കൊണ്ട് ഏകദേശം 4.30 ലക്ഷം അടച്ചുറപ്പുള്ള വീട് നിർമ്മിച്ച് നൽകുകയാണ് ലക്ഷ്യം.

**വനശ്രീ :** വനത്തെ ആശ്രയിച്ചു കഴിയുന്ന ജനസമൂഹങ്ങളുടെ കൂട്ടായ്മ ഉപയോഗിച്ച് വനവിഭവങ്ങൾ സമാഹരിക്കുകയും വിപണനം ചെയ്യുകയും ലക്ഷ്യമിട്ടുള്ള പദ്ധതി.

**വഴിയോരം** : കേരളത്തിലെ റോഡ്, ജലഗതാഗത പാതയോരങ്ങൾ എന്നിവിടങ്ങളിൽ വിശ്രമകേന്ദ്രങ്ങൾ നിർമിക്കുന്നതിനുവേണ്ടി കേരള ടൂറിസം വകുപ്പ് ആരംഭിച്ച പദ്ധതി.

**വയോമിത്രം :** വയോജനങ്ങളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിനുള്ള ശ്രമമാണ് വയോമിത്രം പദ്ധതി. സാമൂഹികനീതി വകുപ്പാണ് നടപ്പിലാക്കുന്നത്.

**വയോമധുരം :** ബി.പി.എൽ. വിഭാഗക്കാരായ പ്രമേഹരോഗികളായ വയോധികർക്ക് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന സാമൂഹികനീതി വകുപ്പിന്റെ പദ്ധതി.

**വെർച്വൽ ലൂപ് പദ്ധതി :** കവലകളിൽ രഹസ്യക്യാമറകൾ സ്ഥാപിച്ച് ഗതാഗത നിയമലംഘനങ്ങൾ പകർത്താനുള്ള കേരള ഗതാഗത വകുപ്പിന്റെ പദ്ധതി.

**വാത്സല്യനിധി :** നിർധനരായ പട്ടികജാതി ദമ്പതികൾക്കു ജനിക്കുന്ന പെൺകുട്ടിയുടെ പേരിൽ പട്ടികജാതി ക്ഷേമ വകുപ്പ് 50,000 രൂപ എൽഐസിയിൽ നിക്ഷേപിക്കുന്നു. 18 വയസ്സ് പൂർത്തിയാകുമ്പോൾ വിവാഹം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കായി പലിശ സഹിതം ഈ തുക ലഭിക്കുന്ന പദ്ധതി.

**'വീകാൻ' :** സ്കൂൾ കുട്ടികൾക്കിടയിൽ നടത്തുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി. പ്രവാസി മലയാളി ഫെഡറേഷൻെറ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ലഹരി വർജന മനോഭാവമുണ്ടാക്കുന്ന ന്യൂറോ ആൻഡ് മൈൻഡ് പവർ പരിശീലനമാണ് പരിപാടിയുടെ ലക്ഷ്യം

**വി കെയർ :** വ്യക്തി/ സന്നദ്ധസംഘടന/ ഫൗണ്ടേഷൻ പൊതുമേഖല /കോർപ്പറേറ്റ്/ സ്ഥാപനങ്ങളിൽനിന്നു വിഭവസമാഹരണം നടത്തി സഹായമർഹിക്കുന്നവർക്കു നൽകുന്ന പദ്ധതി. സർക്കാർ/ തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സാമൂഹിക രാഷ്ട്രീയ സംഘടനകൾ, സന്നദ്ധ സേവകർ എന്നിവയുടെ കൂട്ടായ്മയിലൂടെ സാമൂഹികാധിഷ്ഠിത പരിചരണ സേവന ശൃംഖലയുണ്ടാക്കുകയാണ് ലക്ഷ്യം.

**വിശപ്പുരഹിതനഗരം:** ദരിദ്രരായ നഗരവാസികൾക്ക് ഒരുനേരമെങ്കിലും ഭക്ഷണം എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതി.

**വികലാംഗ സദനം :** വികലാംഗരായവരെ സംരക്ഷിക്കുന്നതിനുള്ള സ്ഥാപനം. വനിതകൾക്കായി തിരുവനന്തപുരത്തും എറണാകുളത്തും പുരുഷന്മാർക്കായി കോഴിക്കോട്ടും പ്രവർത്തിച്ചുവരുന്നു.



**വികലാംഗ തൊഴിൽ പരിശീലനകേന്ദ്രം :** 16 വയസ്സിനു മേലുള്ള വികലാംഗർക്ക് ബുക്ക് ബൈൻഡിംഗ്, ടെയ്ലറിംഗ്, എംബ്രോയിഡറി, കമ്പ്യൂട്ടർ എന്നിവയിൽ പരിശീലനം നൽകുന്നു. തിരുവനന്തപുരത്തും കോഴിക്കോട്ടും സ്ഥാപനം പ്രവർത്തിക്കുന്നു.

**വികലാംഗരായ വയോധികർക്കുള്ള ഹോം:** 55 വയസ്സുള്ള വികലാംഗരായ വയോധികർക്കാണു പ്രവേശനം . ആലപ്പുഴ, ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ പ്രവർത്തിക്കുന്നു.

**വിമുക്തി :** എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ലഹരി, മയക്കുമരുന്ന് വർജന ബോധവത്കരണ പരിപാടി.

**വിജയാമൃതം :** സാമ്പത്തികമായി പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ബിരുദ/പ്രൊഫഷണൽ/ബിരുദാനന്തര ബിരുദ പരീക്ഷകൾക്ക് ഉയർന്ന മാർക്ക് നേടുമ്പോൾ നൽകുന്ന ക്യാഷ് അവാർഡ്

**വിജ്ഞാൻവാടി :** പട്ടികജാതി കോളനികളോടനുബന്ധിച്ച് ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ, ലൈബ്രറി, വായനശാല എന്നിവ സജ്ജീകരിക്കുന്ന പദ്ധതി.

**വിദ്യായാത്ര :** പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി നടത്തുന്ന സൈക്കിൾ വിതരണ പദ്ധതി.

**വിദ്യാജ്യോതി :** ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കുടുംബ വരുമാനം നോക്കാതെ പഠനോപകരണങ്ങൾക്കും യൂണിഫോമിനും ധനസഹായം നൽകാൻ സാമൂഹിക നീതി വകുപ്പ് ആവിഷ്കരിച്ച പദ്ധതി. 40 ശതമാനമോ മുകളിലോ വൈകല്യമുള്ള സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് സഹായം ലഭിക്കും. ബിപിഎൽ വിഭാഗക്കാർക്ക് മുൻഗണനയുണ്ടാകും. ഓരോ ജില്ലയിൽ നിന്നും 50 പേരെ തിരഞ്ഞെടുക്കും.

**വൃദ്ധസദനം :** 60 വയസ്സിനുമേലുള്ള സംരക്ഷിക്കാനാളില്ലാത്ത വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള സ്ഥാപനം. എല്ലാ ജില്ലകളിലും വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു.

**ശരണ്യ സ്വയംതൊഴിൽ പദ്ധതി :** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകൾ, നിയമാനുസൃതം വിവാഹമോചനം നേടിയവർ, 30 വയസ്സു കഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിച്ചു പോയവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിൽ വരുന്ന അശരണരായ വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി.

**ശുഭയാത്ര :** ഭിന്നശേഷിയുള്ളവർക്ക് ഹൈടെക് സൗകര്യങ്ങളുള്ള വീൽചെയർ നൽകുന്ന സംസ്ഥാന സർക്കാർ പദ്ധതിയാണ് ശുഭയാത്ര. ഭിന്നശേഷി നിർണയിക്കാൻ ഫിസിയോതെറാപ്പിസ്റ്റ് ഉൾപ്പെടെ ശാസ്ത്രീയ സൗകര്യങ്ങളുള്ള മൊബൈൽ യൂണിറ്റുകൾ സംസ്ഥാനത്തൊട്ടാകെ വിന്യസിക്കും.

**ശ്രദ്ധ :** പഠനത്തിൽ പിന്നോക്കം നിൽക്കുന്ന 2, 5, 8 ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'ശ്രദ്ധ: മികവിലേക്ക് ഒരു ചുവട്'.

**ശ്രുതിതരംഗം:** ശ്രവണവൈകല്യമുള്ള അഞ്ചു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സമ്പൂർണ്ണ കോക്ലിയാർ ഇംപ്ലാന്റേഷനിലൂടെ ശ്രവണശേഷി ലഭ്യമാക്കുന്ന ചികിത്സാ പദ്ധതി.

**ഷീ ടാക്സി :** കേരള സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള ജൻഡർ പാർക്ക് നടപ്പിലാക്കിയ വനിത



കൾക്കായുള്ള ടാക്സി സർവീസ്.

**ഷീ ബോക്സ്:** ജോലിസ്ഥലങ്ങളിൽ സ്ത്രീകൾ നേരിടുന്ന ലൈംഗികാതിക്രമങ്ങളെക്കുറിച്ചു പരാതിപ്പെടാൻ കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതി. ഓൺലൈൻ പോർട്ടലായ ഷീ ബോക്സിലൂടെ (സെക്ഷ്വൽ ഹരാസ്മെന്റ് ഇലക്ട്രോണിക് ബോക്സ്) എല്ലാ മേഖലകളിലും ജോലി ചെയ്യുന്ന സ്ത്രീകൾക്കു പരാതി നൽകാം.

**ഷീ ലോഡ്ജുകൾ :** വിവിധ ആവശ്യങ്ങൾക്കായി നഗരങ്ങളിൽ എത്തുന്ന സ്ത്രീകൾക്ക് മിതമായ നിരക്കിൽ സുരക്ഷിതമായ താമസവും ഭക്ഷണവും ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും ചേർന്ന് നടപ്പാക്കുന്ന പദ്ധതി. എല്ലാ നഗരങ്ങളിലും അതതു നഗരസഭകളുടെ നിയന്ത്രണത്തിലായിരിക്കും ഷീ ലോഡ്ജുകൾ പ്രവർത്തിക്കുക. പദ്ധതിയുടെ നടത്തിപ്പ് കുടുംബശ്രീ നിർവഹിക്കും.

**ഷോർട്ട് സ്റ്റേ ഹോം:** കുടുംബ പിന്തുണയില്ലാത്തവർ, മാനസികസമ്മർദമുള്ളവർ, ചൂഷിതർ എന്നിങ്ങനെയുള്ള വ്യത്യസ്ത സാഹചര്യങ്ങളിലുള്ള സ്ത്രീകൾക്കുള്ള താൽക്കാലിക അഭയകേന്ദ്രമാണ് ഷോർട്ട് സ്റ്റേ ഹോം.

**സനാഥബാല്യം :** അനാഥരായ കുട്ടികൾക്ക് ആരോ



ഗ്യപൂർണ്ണവും സന്തോഷപൂർണ്ണവുമായ ഒരു ജീവിതം നൽകുന്നതിനായി കേരള സർക്കാർ ആരംഭിച്ച പദ്ധതി.

**സമഗ്ര:** കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ബൃഹത് പദ്ധതികളിലേക്കു നീങ്ങുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതി.

**സഹചാരി :** ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പഠനത്തിലും പഠനേതര പ്രവർത്തനങ്ങളിൽ സ്കൂളുകളിലെ എൻ.സി.സി./എൻ.എസ്.എസ്./സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകളുടെ സഹായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാമൂഹികനീതി വകുപ്പിന്റെ പദ്ധതി.

**സമാശ്വാസം പദ്ധതി :** സംസ്ഥാനത്ത് വൃക്ക തകരാർ മൂലം ഡയാലിസിസിനു വിധേയരാകുന്ന ബിപിഎൽ കുടുംബങ്ങളിൽപെട്ട രോഗികൾക്കു പ്രതിമാസം ധനസഹായം അനുവദിക്കുന്ന പദ്ധതി.

**സഞ്ജീവനി വനം :** കേന്ദ്ര ഔഷധ സസ്യബോർഡ് കേരളത്തിലാരംഭിച്ച ബോധവൽക്കരണ പരിശീലന പരിപാടി.

**സന്ദേശ് :** തൊഴിൽ നൈപുണ്യമുള്ള സംസ്ഥാനമായി കേരളത്തെ മാറ്റുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച പദ്ധതി.തൊഴിൽദാതാക്കളെ സൃഷ്ടിക്കുക, തൊഴിൽ ചെയ്യാൻ പ്രാപ്തരായ ആളുകളെ വൈദഗ്ധ്യമുള്ളവരാക്കി മാറ്റുക എന്നതാണ് സന്ദേശിന്റെ ലക്ഷ്യം.

**സായംപ്രഭ :** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വയോജനങ്ങൾക്കായി നടപ്പാക്കുന്ന സാമൂഹികനീതി വകുപ്പിന്റെ ഡേ കെയർ പദ്ധതി.

**സ്പാർക്ക് :** കേരള സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം, സർവീസ് കാര്യങ്ങൾ എന്നിവയ്ക്കായി ഐടി മിഷൻ തയ്യാറാക്കിയ പദ്ധതി. (SPARK - Service Payroll and Administrative Repository of Kerala).

**സ്പീഡ് കേരള :** സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിനു പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പദ്ധതി.

**സ്ത്രീശക്തി :** സ്ത്രീകളുടെ തൊഴിലും സുരക്ഷയും ഉറപ്പാക്കുന്നതിന് 'സ്ത്രീശക്തി' എന്ന പ്രതിവാര ലോട്ടറിയിലൂടെ പണസമാഹരണം നടത്തുന്ന പദ്ധതി. മുഴുവൻ തുകയും സ്ത്രീ ക്ഷേമപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കും.

**സ്പെഷ്യൽ ആശ്വാസകിരണം :** എൻഡോസൾഫാൻ ബാധിതരായ കിടപ്പുരോഗികളെ പരിചരിക്കുന്നവർക്കു പ്രതിമാസം 700 രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി.

**സ്മൈൽ :** റോഡപകടങ്ങളിൽപെടുന്നവർക്ക് അടിയന്തര ചികിത്സ നൽകുന്നതിനായി കേരള പോലീസ് ആവിഷ്കരിച്ച പദ്ധതി. (SMILE : Scamles Medical Intervention for Lifecare and Emergency).

**സ്നേഹധാര:** വളർച്ചാ വൈകല്യങ്ങളുള്ള 12 വയസ്സുവരെയുള്ള കുട്ടികൾക്കുള്ള സൗജന്യ ആയുർവേദ ചികിത്സാ പദ്ധതിയാണ് സ്നേഹധാര. സർക്കാർ ആയുർവേദ കോളേജിലെ ബാലചികിത്സാ വിഭാഗവുമായി സഹകരിച്ച് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പാക്കിവരുന്ന പദ്ധതി.

**സ്നേഹപൂർവ്വം പദ്ധതി :** മാതാപിതാക്കളിൽ ഒരാൾ മരിക്കുകയും ജീവിച്ചിരിക്കുന്നയാൾക്കു കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തികസ്ഥിതിയില്ലാതെയാവുകയും ചെയ്യുന്ന വീടുകളിലെ കുട്ടികൾ അനാഥാലയങ്ങളിൽ തള്ളപ്പെടാതെ അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുക എന്ന ഉദ്ദേശ്യത്തോടെ പ്രതിമാസം ധനസഹായം അനുവദിക്കുന്ന പദ്ധതി 2013 നവംബറിൽ ആരംഭിച്ചു.

**സ്നേഹസാന്ത്വനം :** എൻഡോസൾഫാൻ ദുരിതബാധിതരായി വൈകല്യം സംഭവിച്ചവർക്കും കിടപ്പിലായവർക്കും ധനസഹായം നൽകുന്ന പദ്ധതി.

**സ്നേഹസ്പർശം :** ആദിവാസി സ്ത്രീകളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുന്ന കേരള സർക്കാർ പദ്ധതി.

**സ്നേഹസ്പർശം പദ്ധതി :** ചൂഷണത്തിനു വിധേയരായി അമ്മമാരാകുന്ന അവിവാഹിതർക്കു ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി പുനരധിവസിപ്പിക്കുന്ന സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതി.

**സ്നേഹിത :** അക്രമത്തിനിരയാവുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനായി കുടുംബശ്രീ വഴി തുടങ്ങിയ അഭയകേന്ദ്രം. **സാഫല്യം :** വീടും വസ്തുവും ഇല്ലാത്തവർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതി.

**സാന്ത്വനം :** കിടപ്പിലായ രോഗികളെ വീടുകളിലെത്തി പരിചരിക്കുന്ന ചികിത്സാപദ്ധതി. പരിശീലനം നേടിയ കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സുമാരെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്.

**സിറ്റിസൺ സേഫ്റ്റി:** സ്ത്രീകൾക്കും മുതിർന്ന പൗരൻമാർക്കും യാത്രാവേളകൾ സുരക്ഷിതമാക്കാൻ കേരള പോലീസ് തയ്യാറാക്കിയ മൊബൈൽ ആപ്. ആപത്ഘട്ടങ്ങളിൽ അടിയന്തര സന്ദേശം നൽകാൻ ഇതിൽ സംവിധാനമുണ്ട്.

**സീതാലയം :** ഹോമിയോപ്പതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച സ്ത്രീകളുടെ മാനസിക ആരോഗ്യ സാമൂഹിക ശാക്തീകരണ പദ്ധതി.


**സുരക്ഷാ രഥം :** (Self Contained Mobile Training Vehicle)ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തൊഴിലാളികൾക്ക് അവരവരുടെ ജോലി സ്ഥലത്തെത്തി ആരോഗ്യ വിഷയങ്ങളിൽ വിവിധ പരിശീലനം നൽകി വരുന്നു.

**സുരക്ഷിതാഹാരം – ആരോഗ്യത്തിനാധാരം:** സുരക്ഷിതാഹാരത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ നടപ്പിലാക്കുന്ന പദ്ധതി.

**സുവർണ കേരളം പദ്ധതി:** നൂതനവും ആരോഗ്യകരവുമായ കൃഷിരീതിയിലൂടെ പച്ചക്കറിരംഗത്ത് സ്വയംപര്യാപ്തത ലക്ഷ്യമാക്കി സഹകരണ വകുപ്പു നടപ്പാക്കുന്ന പദ്ധതി.

**സംരംഭകത്വ വികസന ക്ലബ് (ഇഡി ക്ലബ്) :** വിദ്യാർത്ഥികളിലും യുവാക്കളിലും സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിലാണ് ഇഡി ക്ലബ് (എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്) ആരംഭിച്ചത്.

**സംഘകൃഷി :** കൃഷി ചെയ്യാൻ താല്പര്യമുള്ള ഭൂരഹിതരായ അയൽക്കൂട്ട കുടുംബങ്ങൾക്കു സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യാനുള്ള അവസരം ഉണ്ടാക്കിയെടുക്കുക എന്നതാണ് സംഘകൃഷിയുടെ ലക്ഷ്യം.



**സ്വാസ്ഥ്യം :** അർബുദം നേരത്തെ കണ്ടെത്തി തടയാനും ചികിത്സ ഉറപ്പാക്കാനുമുള്ള ബോധവത്ക്കരണ പരിപാടിയാണ് സ്വാസ്ഥ്യം. കുടുംബശ്രീയും തിരുവനന്തപുരം ആർസിസിയും സംയുക്തമായാണ് പ്രവർത്തിക്കുന്നത്.



**സ്വാശ്രയ :** ഭിന്നശേഷിയോ, ബുദ്ധിവൈകല്യമോ ഉള്ള കുട്ടികളുടെ മാതാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സാമൂഹികനീതി വകുപ്പിന്റെ ഒറ്റത്തവണ ധനസഹായ പദ്ധതി (35000/-)

**സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്:** വൈകല്യം തടയൽ, പ്രാരംഭ നിർണയം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ലക്ഷ്യമാക്കിയുള്ള പരിപാടി. ജന്മനായുള്ള വൈകല്യം തടയാൻ കുട്ടികൾക്ക് സൗജന്യ എംഎംആർ കുത്തിവെപ്പും കൗമാരക്കാർക്ക് റുബെല്ലാ കുത്തിവെപ്പും നൽകുന്നു. വൈകല്യം നേരത്തെ കണ്ടെത്താൻ അങ്കണവാടി പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകും.

**സേഫ് കിറ്റ്:** ലൈംഗിക അതിക്രമത്തിന് ഇരയാകുന്നവർക്ക് ആവശ്യമായ മുഴുവൻ പരിശോധനകളും നടത്തി, തെളിവിനുവേണ്ട സാമ്പിളുകൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിന് സേഫ് കിറ്റ് നടപ്പാക്കുന്നു. SAFE (Sexual Assault Forensic Evidence) ആരോഗ്യവകുപ്പും ദേശീയ ആരോഗ്യ മിഷനും ചേർന്ന് നടപ്പാക്കുന്ന പദ്ധതി ഇന്ത്യയിൽ ഇതാദ്യമാണ്. ആദ്യഘട്ടമായി സംസ്ഥാനത്തെ മുഴുവൻ ഗൈനക്കോളജിസ്റ്റുമാർക്കും പരിശീലനം നൽകും.

**സേവന :** 1970 മുതലുള്ള ജനന-മരണ- വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകുന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതി.

**സേവാഗ്രാം :** ഗ്രാമീണർക്കു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ കൂടുതൽ അടുത്തു ലഭ്യമാക്കുന്നതിനുള്ള ജനസേവന കേന്ദ്രമാണ് സേവാഗ്രാം.

**ഹരിത കേരളം മിഷൻ :** ശുചിത്വ-മാലിന്യ സംസ്കരണം, മണ്ണ്-ജലസംരക്ഷണം, ജൈവകൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതി.

**ഹരിതശ്രീ :** ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന വനവൽക്കരണ പദ്ധതി.

**റസ്ക്യൂ ഹോം:** അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും സമൂഹത്തിൽ ഒറ്റപ്പെടുകയും ചെയ്യുന്ന സ്ത്രീകൾക്കു സംരക്ഷണം നൽകി പുനരധിവസിപ്പിക്കുന്ന സ്ഥാപനങ്ങളാണ് റെസ്ക്യൂ ഹോമുകൾ. മലപ്പുറം ജില്ലയിലെ തവനൂരിൽ പ്രവർത്തിക്കുന്നു.

**റീച്ച് (REACH - Resource Enhancement Academy for Career Hights) :** സ്ത്രീകളുടെ തൊഴിൽ മേഖലയിലെ ഉന്നമനത്തിനായി സർക്കാർ മേഖലയിലുള്ള ഇന്ത്യയിലെ തന്നെ ആദ്യ ഫിനിഷിംഗ് സ്കൂളാണ് റീച്ച്. ഐഎസ്ഒ സർട്ടിഫിക്കേഷനുണ്ട്. പ്ലസ്ടു കഴിഞ്ഞ പെൺകുട്ടികൾക്കു പരിശീലനം നൽകി പ്ലേസ്മെന്റ് ഉറപ്പാക്കുന്നു. തിരുവനന്തപുരത്തും കണ്ണൂർ പിലാത്തറയിലുമാണ് റീച്ച് സ്ഥിതി ചെയ്യുന്നത്.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം:** ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിനനുഗുണമായി സംസ്ഥാനത്തെ ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരമുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതി.

**(അവസാനിച്ചു)**